**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 07.03.2024

## ക്വാറി ഉല്പന്നങ്ങൾ കടത്തുന്ന വാഹനങ്ങളിലെ നികുതി വെട്ടിപ്പ് കണ്ടെത്താൻ സംസ്ഥാനത്ത് വിജിലൻസിന്റെ "ഓപ്പറേഷൻ ഓവർലോഡ്-3":- വൻക്രമക്കേട് കണ്ടെത്തി

ഇന്നലെ (06.03.2024) പുലർച്ചേ 6.30 മുതൽ ഒന്നര മണിക്കൂറിൽ 347 വാഹനങ്ങൾ പരിശോധിച്ചതിൽ നിന്നും 1 കോടി 36 ലക്ഷം രൂപയുടെ ക്രമക്കേടുകളാണ് കണ്ടെത്തിയത്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 65 സ്ഥലങ്ങളിലായിരുന്നു പരിശോധന. ഇത്രയും തുക പിഴ ഉൾപ്പെടെ ഈടാക്കി.

സംസ്ഥാനമൊട്ടാകെ പരിശോധന നടത്തിയ വാഹനങ്ങളിൽ 92 ശതമാനം വാഹനങ്ങളും അമിത ഭാരം കയറ്റിയ നിലയിലും, 30 ശതമാനം വാഹനങ്ങൾ പാസ്സില്ലാത്ത നിലയിലും, 12 ശതമാനം വാഹനങ്ങൾ അധിക ബോഡി ഉയർത്തി വാഹനങ്ങൾ രൂപമാറ്റം വരുത്തിയ നിലയിലുമാണെന്ന് കണ്ട് വിജിലൻസ് പിടികൂടി. 347 വാഹനങ്ങൾ പരിശോധിച്ചതിൽ 319 എണ്ണവും അമിത ഭാരം കയറ്റിയ നിലയിലാണെന്നും ഇവയിൽ 107 വാഹനങ്ങൾ പാസ്സില്ലാത്ത നിലയിലും 42 വാഹനങ്ങൾ രൂപമാറ്റം വരുത്തി അധികമായി ബോഡി ഉയർത്തിയ നിലയിലുമാണെന്നും വിജിലൻസ് കണ്ടെത്തി.

വിജിലൻസ് പിടികൂടിയ വാഹനങ്ങളിൽ നിന്നും മോട്ടോർ വാഹന, മൈനിംഗ് ആന്റ് ജിയോളജി, ജി.എസ്.ടി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഒരു കോടി 36 ലക്ഷത്തിൽ പരം (1,36,53,270/-) രൂപ പിഴ ഈടാക്കി. അമിത ഭാരം കയറ്റിയതായി വിജിലൻസ് കണ്ടെത്തിയ 319 വാഹനങ്ങളിൽ നിന്നായി മോട്ടോർ വാഹന വകുപ്പ് 65,46,113/- രൂപയും, റോയൽറ്റി ഇനത്തിൽ വെട്ടിപ്പ് നടത്തിയതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് 63,94,543/- രൂപയും, ജി.എസ്.ടി വെട്ടിപ്പ് നടത്തിയതിന് 7,12,614/- രൂപയുമാണ് പിഴ ഈടാക്കിയത്.

തിരുവനന്തപുരം ജില്ലയിൽ 11,20,792/- രൂപയും, കൊല്ലം ജില്ലയിൽ 4,90,979/- രൂപയും, പത്തനംതിട്ട ജില്ലയിൽ 3,97,562/- രൂപയും, കോട്ടയം ജില്ലയിൽ 9,67,240/- രൂപയും, ആലപ്പുഴ ജില്ലയിൽ 11,82,271/- രൂപയും, ഇടുക്കി ജില്ലയിൽ 9,73,651/- രൂപയും, എറണാകുളം ജില്ലയിൽ 5,94,450/- രൂപയും, തൃശ്ശൂർ ജില്ലയിൽ 15,60,348/- രൂപയും, പാലക്കാട് ജില്ലയിൽ 19,05,704/- രൂപയും, കോഴിക്കോട് ജില്ലയിൽ 5,26,922/- രൂപയും, മലപ്പുറം ജില്ലയിൽ 10,39,438/- രൂപയും, വയനാട് ജില്ലയിൽ 7,34,900/-

രൂപയും, കണ്ണൂർ ജില്ലയിൽ 17,61,451/- രൂപയും, കാസറഗോഡ് ജില്ലയിൽ 3,97,562/- രൂപയും ഉൾപ്പടെ ആകെ 1,36,53,270/- രൂപയുടെ ഫൈൻ കണ്ടെത്തി.

പെർമിറ്റിനു വിരുദ്ധമായി രൂപമാറ്റം വരുത്തിയും അധികഭാരം കയറ്റിയും സഞ്ചരിക്കുന്ന വാഹനങ്ങൾ മോട്ടോർ വാഹനവകുപ്പിലെയും മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിലെയും ജി.എസ്.ടി വകുപ്പിലേയും ചില ഉദ്യോഗസ്ഥർ പരിശോധിക്കുന്നില്ലയെന്നും വിജിലൻസിന് രഹസ്യ വിവരം ലഭിച്ചിരുന്നു.

കൂടാതെ സംസ്ഥാന വ്യാപകമായി ടിപ്പറുകളിലും, ട്രക്കുകളിലും, ലോറികളിലും അമിത അളവിൽ പെർമിറ്റിന് വിരുദ്ധമായും, അധിക ബോഡി ഘടിപ്പിച്ച് വാഹനങ്ങളിൽ രൂപമാറ്റം വരുത്തിയും, അമിത ഭാരം കയറ്റി നികുതി വെട്ടിപ്പ് നടത്തുന്നതിലേക്ക് ചില ക്വാറി ഉടമകൾ കൂട്ടുനിൽക്കുന്നതായും, മറ്റു ചില ക്വാറി ഉടമകൾ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പാസ്സില്ലാത്തവർക്കും ക്വാറി ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതായും, പാസ്സുമായി വരുന്നവർക്ക് പാസ്സിൽ പറഞ്ഞതിനേക്കാൾ കൂടുതൽ അളവിൽ ക്വാറി ഉൽപ്പന്നങ്ങൾ നൽകുന്നതായും, അതുവഴി ജി.എസ്.ടി ഇനത്തിലും, റോയൽറ്റി ഇനത്തിലും സർക്കാരിന് ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം ദിനംപ്രതി സംഭവിക്കുന്നതായുമുള്ള വിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു വിജിലൻസ് പരിശോധന.

ചില ക്വാറി ഉടമകൾ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് അനുവദിച്ചിട്ടുള്ള പാസ്സുകൾക്ക് വിരുദ്ധമായി അമിതമായി ലോഡ് കയറ്റി വിടുന്നതായും, പാസ്സ് അനുവദിക്കാത്ത വാഹനങ്ങൾക്കും ഉല്പന്നങ്ങൾ നൽകുന്നതായും ഒരു പാസ് ഉപയോഗിച്ച് നിരവധി ലോഡുകൾ നെൽകുന്നതായും തത്ഫലമായി ഓരോ ലോഡിനും ജി.എസ്.ടി ഇനത്തിലും റോയൽറ്റി ഇനത്തിലും സർക്കാർ ഖജനാവിന് ലഭിക്കേണ്ട വൻതുക ദിനംപ്രതി നഷ്ടമാകുന്നതായും വിജിലൻസിന് വിവരം ലഭിച്ചിട്ടുണ്ട്.

തിരുവനന്തപുരം-7, എറണാകുളം, മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ 6 വീതവും, കൊല്ലം, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ 5 വീതവും കോട്ടയം, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് എന്നീ ജില്ലകളിൽ 4 വീതവും പത്തനംതിട്ട, ആലപ്പുഴ, വയനാട് എന്നീ ജില്ലകളിൽ 3 വീതവും ആകെ 65 സ്ഥലങ്ങളിലാണ് ഇന്നലെ (06/03/2024) ഒരേ സമയം മിന്നൽ പരിശോധന നടത്തിയത്.

ഇപ്പോൾ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളെ പറ്റി അപാകതകളെപ്പറ്റി വിശദമായ റിപ്പോർട്ട് സർക്കാരിന് നൽകുമെന്ന് വിജിലൻസ് ഡയറക്ടർ ടി. കെ. വിനോദ്കുമാർ ഐ പി എസ് -അറിയിച്ചു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. ടി.കെ. വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു